**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ (KSWMP) കാലയളവിലേക്ക് മാത്രമായി കോ-ടെർമിനസ് വ്യവസ്ഥയിൽ സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (SPMU) രൂപീകരിക്കുന്നതിനും, സ്റ്റേറ്റ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിൽ വിദഗ്ധരെ /സപ്പോർട്ടിങ് സ്റ്റാഫിനെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിനും, അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Ms)No.152/2020/LSGD തീയതി,തിരുവനന്തപുരം, 09/10/2020

---

പരാമർശം:- 1 23.01.2020 -ലെ സ.ഉ (സാധാ) നമ്പർ 20/2020/തസ്വഭവ നമ്പർ ഉത്തരവ്

2 15.02.2020-ലെ സ.ഉ (സാധാ) നമ്പർ 393/2020/തസ്വഭവ നമ്പർ ഉത്തരവ്

3 24/04/2020-ലെ സ.ഉ (സാധാ) നമ്പർ 779/2020/തസ്വഭവ നമ്പർ ഉത്തരവ്

4 കേരള അർബൻ സർവീസ് ഡെലിവറി പ്രൊജക്റ്റ്, പ്രൊജക്റ്റ് ഡയറക്ടറുടെ 11.05.2020-ലെ 02/KUSDP/2020 നമ്പർ കത്ത്

5 29/07/2020 ലെ സ.ഉ (സാധാ) നമ്പർ 1420/2020/തസ്വഭവ നമ്പർ ഉത്തരവ്

**ഉത്തരവ്**

എല്ലാ അർബൻ ലോക്കൽ ബോഡികളുടെയും (ULBs) - മുനിസിപ്പൽ കോർപ്പറേഷനുകളുടെയും മുനിസിപ്പാലിറ്റികളുടെയും, സ്ഥാപനപരമായ ശേഷി ശക്തിപ്പെടുത്തുക, അർബൻ ലോക്കൽ ബോഡികളോട്ടു ചേർന്നുള്ള പഞ്ചായത്തുകൾ തിരഞ്ഞെടുത്ത് ഫലപ്രദമായ മാലിന്യ സംസ്കരണം, സെപ്റ്റേജ്, മലിനജല പരിപാലനം, ശുചിത്വ മേഖല എന്നിവയിൽ അധിക സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകുക എന്നിവ ലക്ഷ്യംവച്ചുകൊണ്ട് ലോകബാങ്ക് സഹായത്തോടെയുള്ള Kerala Urban Service Delivery Project (KUSDP) നടപ്പിലാക്കുവാൻ പരാമർശം (1) പ്രകാരം അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും തുടർന്ന് പദ്ധതി ക്രമീകരണം ഖരമാലിന്യ പരിപാലനത്തിന് മാത്രമായി പരിമിതപ്പെടുത്തുകയും ചെയ്തിരുന്നു

2. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കിവന്ന Kerala Local Government Service Delivery Project (KLGSDP)-യുടെ പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന് KUSDP-യുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിലേക്കായി തുടരുന്നതിനും KLGSDP) -യുടെ 3 സ്റ്റാഫ് അംഗങ്ങളെ മാത്രം KUSDP-യുടെ പ്രൊജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ നിലനിർത്തുന്നതിനും അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള അർബൻ സർവീസ് ഡെലിവറി പ്രോജക്റ്റ് (KUSDP) നടപ്പിലാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സംസ്ഥാന ശുചിത്വ മിഷനെ (KSSM) നിശ്ചയിച്ചു കൊണ്ട് പരാമർശം (3) പ്രകാരവും പദ്ധതിയുടെ പേര് Kerala Urban Service Delivery Project (KUSDP) എന്നത് Kerala Solid Waste Management Project (KSWMP) എന്ന് പുനർനാമകരണം ചെയ്തുകൊണ്ട് പരാമർശം (5) പ്രകാരവും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

3. Kerala Solid Waste Management Project (KSWMP) നടപ്പിലാക്കുന്നതിനുള്ള ആകെ പ്രോജക്റ്റ് തുക 300 മില്യൺ യുഎസ് ഡോളറാണ്, ആയതിൽ 210 മില്യൺ യുഎസ് ഡോളർ (70%) ലോക ബാങ്ക് ധനസഹായവും ബാക്കി 90 മില്യൺ യുഎസ് ഡോളർ സംസ്ഥാന ബജറ്റിൽ നിന്ന് ലഭ്യമാക്കുന്നതുമാണ്. ലോകബാങ്ക് ബോർഡ് പദ്ധതി അംഗീകരിക്കുന്ന തീയതി മുതൽ ആയിരിക്കും പദ്ധതിയുടെ ആകെ തുകയായ 300 മില്യൺ യുഎസ് ഡോളർ എന്നതിന്റെ ഇന്ത്യൻ രൂപയിലുള്ള പരിവർത്തന നിരക്ക് തീരുമാനിക്കുന്നത്, പ്രോജക്റ്റ് നടത്തിപ്പിനുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ലോക ബാങ്ക് വിഹിതത്തിൽ നിന്നും തിരികെ ലഭിക്കുന്നതാണ്

4. ലോക ബാങ്ക് നിഷ്കർഷിച്ചിട്ടുള്ളത് പ്രകാരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്റ്റേറ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ വിദഗ്ധരുടെ നിയമനം അടിയന്തിരമായി പൂർത്തിയാക്കേണ്ടതുണ്ട് എന്നതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഡബ്ല്യൂ.എം.പിയുടെ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിലേക്ക് സ്റ്റാഫുകളെ നിയമിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഇത് സംബന്ധിച്ച പ്രൊപോസൽ പ്രോജക്റ്റ് ഡയറക്ടർ പരാമർശം (4) പ്രകാരം സമർപ്പിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലോക ബാങ്ക് സഹായത്തോടെ നടപ്പിലാക്കുന്ന കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പദ്ധതിയുടെ കാലയളവിലേക്ക് മാത്രമായി കോ-ടെർമിനസ് വ്യവസ്ഥയിൽ താഴെ പറയുംപ്രകാരം സ്റ്റേറ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റ് (SMPU) രൂപീകരിക്കുന്നതിനും, ഇതിനോടൊപ്പം അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഓരോ തസ്തികയ്ക്കുമുള്ള Terms of Reference അംഗീകരിച്ചുകൊണ്ട് സ്റ്റേറ്റ് പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിൽ വിദഗ്ധരെ /സപ്പോർട്ടിങ് സ്റ്റാഫിനെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിനും, താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. കരാർ നിയമനം സംബന്ധിച്ച് ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും പാലിക്കേണ്ടതാണ്

ii. തസ്തികകളിലേക്കുള്ള നിയമനത്തിന് സുതാര്യമായ തിരഞ്ഞെടുപ്പ് നടപടിക്രമം പാലിക്കേണ്ടതാണ്

| Sl No | Name of Post | No of Post | Basic Qualification & Experience | Contract Pay |
|---|---|---|---|---|
| 1 | Finance Management Expert | 1 | Degree(CA/CPA Desirable +10 years experience) ) | 66000/- |
| 2 | Procurement Expert | 1 | Degree +10 years experience | 66000/- |
| 3 | Environment Expert | 1 | Masters Degree in Civil/Environmental engineering etc +10 years experience) | 66000/- |

| | | | | |
|---|---|---|---|---|
| 4 | Social Development & Gender Expert | 1 | Masters Degree in Social Science(PhD/MPhil desirable) | 66000/- |
| 5 | Urban Sanitation & Technical Expert | 1 | BE/B Tech in Civil/ Mechanical/Environmental Engineering with MS/MTech in Civil/Environmental engineering | 66000/- |
| 6 | Monitoring & Evaluation Expert | 1 | Masters Degree + 10 years experience | 66000/- |
| 7 | IEC Expert | 1 | Masters Degree + 5 years experience | 66000/- |
| 8 | Finance Assistant | 1 | Degree in Accounts + 5 years experience | 33000/- |
| 9 | Data entry operator cum multi task person | 3 | Degree from a recognised University. PGDCA/DCA, Typewriting English (higher) and Malayalam(lower) | 26400/- |

6. പ്രതിമാസം 35300 രൂപ ശമ്പള നിരക്കിൽ (09/07/2019 തീയതിയിലെ GO (P) No.81 / 2019 / Fin category X ൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ) പ്രോജക്ട് മാനേജ്മെൻറ് യൂണിറ്റിൽ ഒരു വീഡിയോ എഡിറ്റിംഗ് ആൻഡ് ഗ്രാഫിക് ഡിസൈൻ വിദഗ്ധനെ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമിക്കുന്നതിന് KSWMP പ്രോജക്ട് ഡയറക്ടർക്ക് അനുമതി നൽകിയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലെ വിദഗ്ധരെ നിയമിക്കുന്നതിന് താഴെ പറയും പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

Principal Secretary, LSGD-Urban, (Chairman)
Principal Director, LSGD (Member)
Director of Urban Affairs (Member)
Director General KILA (Member)
Subject Expert (Member)

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA IAS
PRINCIPAL SECRETARY

പ്രോജക്ട് ഡയറക്ടർ, കേരള സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ട്
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
നഗരകാര്യ ഡയറക്ടർ

പഞ്ചായത്ത് ഡയറക്ടർ
ഡയറക്ടർ ജനറൽ, കില
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E& RSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
ധനകാര്യ (ഡവലപ്മെന്റ് വിങ് ) വകുപ്പ് (Dev1/82/2020/Fin)
പൊതുഭരണ (എസ് സി ) വകുപ്പ് ( ഇനം നമ്പർ തീയതി )
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:-

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) -യുടെ പി.എ. യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി എ യ്ക്ക്

Signature Not Verified

Digitally signed by S BINDU
Date: 2020.10.09 16:39:37 IST
Reason: Approved